65

# “ഇനി എന്നിൽ കുറവുഉള്ളത് എന്ത്?”

## മർക്കൊ. 10:17 – 27; മത്താ. 19:26; ലുക്കൊ. 18:18 – 27, ഒരടുത്ത നോട്ടം

ശരീരത്തിനകത്തുള്ളതു കാണുവാൻ പല കണ്ടുപിടുത്തങ്ങളും വൈദ്യ ശാസ്ത്രം നടത്തിയിട്ടുണ്ട്: എക്സ്–റേ മെഷീൻ, സിഏറ്റി സ്കാൻ, എംആർഐ തുടങ്ങിയവ അവയിൽ ചിലതാണ്. “ഒരുപക്ഷെ ഒരു മനുഷ്യന്റെ *മനസിലുള്ള* ചിന്ത എന്താണെന്ന് കണ്ടുപിടിക്കുവാൻ ഒരു മെഷീൻ കണ്ടുപിടിച്ചാലോ?” യേശുവിന് അതു കഴിഞ്ഞിരുന്നു. ഒരു വ്യക്തിയുടെ ഉപരിതലത്തിൽനിന്നു ഹൃദയത്തിലേക്ക് ഇറങ്ങി, ആ വ്യക്തി വാസ്തവത്തിൽ എന്താണെന്ന് അവന് അറിയുവാൻ കഴിഞ്ഞിരുന്നു. ഇതിനുള്ള ഒരു ഉദാഹരണം നമുക്ക് മർക്കൊസ് 10:17–22 ലുണ്ട്[1]:

> അവൻ പുറപ്പെട്ട് യാത്ര ചെയ്യുമ്പോൾ, ഒരുവൻ ഓടി വന്നു അവന്റെ മുമ്പിൽ മുട്ടുകുത്തി, അവനോട് ചോദിച്ചു, “നല്ല ഗുരോ, നിത്യജീവനെ അവകാശം ആക്കുവാൻ ഞാൻ എന്തു ചെയ്യേണം?” അതിന് യേശു “എന്നെ നല്ലൻ എന്നു പറയുന്നത് എന്ത്? ദൈവം ഒരുവൻ അല്ലാതെ നല്ലവൻ ആരുമില്ല. കുല ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം പറയരുത്, ചതിക്കരുത്, നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക എന്നീ കല്പനകളെ നീ അറിയുന്നുവല്ലൊ” എന്നു പറഞ്ഞു. അവൻ അവനോട്, “ഗുരോ, ഇവയൊക്കെയും ഞാൻ ചെറുപ്പം മുതൽ പ്രമാണിച്ചുപോരുന്നു” എന്നു പറഞ്ഞു. യേശു അവനെ നോക്കി, അവനെ സ്നേഹിച്ചു, “ഒരു കുറവ് നിനക്കുണ്ട്. നീ പോയി നിനക്ക് ഉള്ളതെല്ലാം വിറ്റു ദരിദ്രർക്ക് കൊടുക്ക, എന്നാൽ നിനക്ക് നിക്ഷേപം ഉണ്ടാകും. പിന്നെ വന്നു എന്നെ അനുഗമിക്ക” എന്നു പറഞ്ഞു. അവൻ വളരെ സമ്പത്തുള്ളവൻ ആകകൊണ്ട്, ഈ വചനത്തിൽ വിഷാദിച്ചു ദുഃഖിച്ചു പൊയ്ക്കളഞ്ഞു.

### ആ യുവാവിന്റെ ജീവിതത്തിൽ എന്താണ് കുറവുണ്ടായിരുന്നത്?

ചില ദമ്പതികളെ നാം ഒറ്റനോട്ടത്തിൽ ഇഷ്ടപ്പെടും, മറ്റുള്ളവരെ നാം അനുമോദിക്കുവാൻ സമയം എടുക്കും. നാം ഉടനെ ഇഷ്ടപ്പെടുന്നവരിൽ പെടുന്ന ഒരാളാണ് യേശുവിന്റെ അടുക്കൽ വന്ന മർക്കൊസ് 10ലെ യുവാവ്. അവനു വിസ്മയാവഹമായ ചില ഗുണങ്ങൾ ഉണ്ടായിരുന്നു.

(1) ശരിയായ വഴിയിലാണ് അവൻ വന്നത്: യേശുവിനെ കാണുവാൻ ഓടിയാണ് വന്നത്. ആളുകൾക്ക് എന്താണ് ആവശ്യമെന്ന് അറിയാവുന്നവരേയും അവരുടെ ലക്ഷ്യം കരസ്ഥമാക്കുവാൻ ഉടനെ ശ്രമിക്കുന്നവരെയും നാം പൊതുവിൽ ഇഷ്ടപ്പെടും. അധികാരത്തെ ബഹുമാനിക്കാത്ത ഒരു ശാഠ്യക്കാരനായ യുവാവായിരുന്നില്ല അവൻ.

(2) അവൻ ശരിയായ ഉദ്ദേശത്തോടെയാണ് വന്നത്: ഈ ജീവിതത്തിൽ മാത്രം മറ്റു യുവാക്കൾ കരുതുമ്പോൾ, ഇവൻ ശക്തമായതിലും വാസ്തവത്തിൽ പ്രാധാന്യമർഹിക്കുന്ന കാര്യത്തിലുമായിരുന്നു ശ്രദ്ധിച്ചിരുന്നത് – നിത്യജീവൻ.

(3) അവൻ ശരിയായ സ്ഥലത്താണ് എത്തിയത്: അവന്റെ പ്രഭുക്കന്മാർ എന്തു പറയുമെന്നോ, ജനക്കൂട്ടം എന്തു വിചാരിക്കുമെന്നോ, അല്ലെങ്കിൽ മതാധികാരികൾ എന്തു പഠിപ്പിക്കുന്നു എന്നോ അവൻ ചിന്തിച്ചില്ല. അവൻ ഉത്തരത്തിനായി *യേശുവിന്റെ* അടുക്കൽ എത്തി.

(4) ശരിയായ സമയത്ത് അവൻ വന്നു: അവൻ യുവാവായിരുന്നപ്പോൾ. ബുദ്ധിമാനായിരുന്ന ശലോമോൻ പറഞ്ഞു, "നിന്റെ യൌവനകാലത്ത് നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊൾക, ദുർദ്ദിവസങ്ങൾ വരികയും എനിക്ക് ഇഷ്ടമില്ല എന്നു നീ പറയുന്ന കാലം സമീപിക്കുകയും സൂര്യനും വെളിച്ചവും ചന്ദ്രനും നക്ഷത്രങ്ങളും ഇരുണ്ടുപോകയും മഴ പെയ്തശേഷം മേഘങ്ങൾ മടങ്ങി വരികയും ചെയ്യും മുമ്പെ തന്നേ" (സഭാപ്രസംഗി 12:1).

ഈ നല്ല ഗുണങ്ങളെല്ലാം ഉണ്ടായിരുന്നിട്ടും, തന്നിൽ എന്തോ കുറവുണ്ടെന്ന് അവൻ തിരിച്ചറിഞ്ഞിരുന്നു. അവൻ ചോദിച്ചു, "നല്ല ഗുരോ, നിത്യജീവൻ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യേണം?" (മർക്കൊസ് 10:17).

നിങ്ങൾ എപ്പോഴെങ്കിലും ഒരു ചോദ്യം ചോദിച്ചിട്ടു അവിശ്വസനീയമെന്നു തോന്നിക്കുന്ന ഉത്തരം ലഭിച്ചിട്ടുണ്ടോ? ഒറ്റ നോട്ടത്തിൽ, യേശുവിന്റെ ഉത്തരം അത്തരത്തിലുള്ളതായിരുന്നു എന്നു തോന്നും: "എന്നെ നല്ലവൻ എന്നു പറയുന്നത് എന്ത്? ദൈവം ഒരുവൻ അല്ലാതെ നല്ലവൻ ആരുമില്ല" (മർക്കൊസ് 10:18).

ക്രിസ്തുവിന്റെ ദൈവികത്വത്തെ അംഗീകരിക്കാത്ത ആളുകൾ ഈ വാക്യത്തെ എടുത്ത് താൻ ദൈവം അല്ല എന്നു ക്രിസ്തു തന്നെ പറഞ്ഞിട്ടുണ്ട് എന്നു പറയും. പക്ഷെ, എങ്ങനെയായാലും, മറ്റു സമയങ്ങളിൽ അവൻ ദൈവമാണെന്നു പറഞ്ഞിട്ടുണ്ട്. ഉദാഹരണത്തിനു യോഹന്നാൻ 14:9 ൽ അവൻ പറഞ്ഞു, "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു." ഇവിടെ അവൻ അതു നിഷേധിക്കുവാൻ കാരണമൊന്നുമില്ല. വാസ്തവത്തിൽ, യേശുവിന്റെ വാക്കുകൾ നാം കൂടുതൽ ശ്രദ്ധിച്ചുനോക്കിയാൽ, അവൻ തന്റെ ദൈവികത്വം നിഷേധിക്കുകയല്ല, മറിച്ച് ഉറപ്പിക്കുകയാണ് ചെയ്തതെന്നു കാണാം. ആ മനുഷ്യൻ യേശുവിനെ "നല്ല *ഗുരോ*" എന്നു വിളിച്ചതിൽനിന്ന് യേശു മശിഹയാണെന്ന് അയാൾ തിരിച്ചറിഞ്ഞിരുന്നില്ല എന്നു സ്പഷ്ടം. അവൻ "നല്ല" എന്നു പറഞ്ഞ സ്ഥാനത്ത് അവനെ നിർത്തി, താൻ *നല്ലവൻ* ആണെന്ന് ആ മനുഷ്യൻ കരുതുന്നു എങ്കിൽ, *ദൈവം* ആണെന്നു കരുതണം – കാരണം ദൈവം ഒരുവൻ മാത്രമേ നല്ലവൻ ആയിട്ടുള്ളു.

കർത്താവിന്റെ പ്രസ്താവന ഇരു-വായ്ത്തലയുള്ള വാളായിരുന്നു. യേശു നല്ലവൻ ആണെന്നു പറയുകയും ദൈവം അല്ലെന്നു വിചാരിക്കയും ചെയ്യുന്നവരെ ഉണർത്തുന്നതായിരുന്നു അത്. അവൻ നല്ലവനായിരുന്നു എങ്കിൽ, ദൈവം ആയിരുന്നു; അവൻ ദൈവം അല്ല എങ്കിൽ, നല്ലവനുമല്ല. തങ്ങളുടെ സ്വന്തഗുണങ്ങൾ നിമിത്തം രക്ഷിക്കപ്പെടുവാൻ കഴിയും എന്നു വിശ്വസിക്കുന്നവരെയും അതു ചിന്തിപ്പിക്കുന്നതാണ്. "ദൈവം ഒരുവൻ അല്ലാതെ, നല്ലവൻ ആരുമില്ല."

യേശു തന്റെ ദൈവികത്വം പരിചയപ്പെടുത്തിയശേഷം, അവൻ ആ മനു

ഷ്യന്റെ ചോദ്യത്തിന് ഉത്തരം നൽകി: "കുല ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം പറയരുത്, നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നീ കല്പനകളെ നീ അറിയുന്നുവല്ലൊ." ആ യുവ അന്വേഷകൻ പൊതുവായ ഒരു തെറ്റു ചെയ്തു; ദൈവനിർദ്ദേശങ്ങൾ നൽകുവാൻ അറിവുള്ള ഒരു ഗുരു ആവശ്യമാണെന്ന് അവൻ ധരിച്ചു. പലരും വിചാരിക്കുന്നത് പുതിയ നിയമത്തിലെ ക്രിസ്ത്യാനിത്വം അവരുടെ അഭിരുചിക്ക് വളരെ ലഘുവാണ് എന്നത്രേ; അവർ കൂടുതൽ ആഗ്രഹിക്കുന്നു. അവർ കൂടുതൽ ആഗ്രഹിക്കുന്നതുകൊണ്ട്, അവർക്ക് കൂടുതൽ ലഭിക്കുന്നു (2 തിമൊഥെയൊസ് 4:3, 4). എങ്ങനെയായാലും, ദൈവം ആവശ്യപ്പെടുന്നതാണ് യേശു ആ മനുഷ്യനോട് പറഞ്ഞത്. മത്തായി വിവരിച്ചതനുസരിച്ച് അവൻ പറഞ്ഞു, "ജീവനിൽ കടപ്പാൻ ഇഛിക്കുന്നു എങ്കിൽ കല്പനകളെ പ്രമാണിക്ക" (മത്തായി 19:17).

ആളുകൾക്ക് വേണ്ടത് "ഒന്നും–ചെയ്യാത്ത" മതമാണ്. റോമർ 4:5 എടുത്തുകൊണ്ട് ("വേലചെയ്യാത്തവർക്ക്") ഒരു വേലയും ചെയ്യേണ്ടതില്ല എന്ന് പഠിപ്പിക്കും.[2] നിത്യജീവൻ ലഭിക്കുവാൻ ദൈവകല്പനകൾ പ്രമാണിക്കേണ്ടത് ആവശ്യമാണ് എന്നത്രേ യേശു പഠിപ്പിച്ചത്. ആ സമയത്ത്, ക്രിസ്തുവിന്റെ മരണത്തിന്മുമ്പ് നിലനിന്നിരുന്ന കല്പനകൾ പഴയനിയമത്തിന്റേതായിരുന്നു.[3] അതുകൊണ്ട് യേശു പത്തു കല്പനകളിൽ നിന്ന് ഉദ്ധരിച്ചു. ഇന്ന്, നാം ക്രിസ്തുവിന്റെ പുതിയ നിയമത്തിൻ കീഴിലാണ് ജീവിക്കുന്നത്, എന്നാൽ കർത്താവിന്റെ കല്പനകൾ ഇപ്പോഴും പ്രാബല്യത്തിലുണ്ട്. യേശു പറഞ്ഞു, "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും" (യോഹന്നാൻ 14:15). യോഹന്നാൻ എഴുതി, "അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ, ദൈവത്തോടുള്ള സ്നേഹം" (1 യോഹന്നാൻ 5:3).

എന്തെല്ലാമാണ് ആ കൽപനകൾ? അവയിൽ ചിലത് ഞാൻ നിങ്ങളെ ഓർപ്പിക്കട്ടെ:[4] ക്രിസ്തു പറഞ്ഞു, "ഞാൻ അങ്ങനെ ഉള്ളവൻ എന്ന് നിങ്ങൾ വിശ്വസിക്കാഞ്ഞാൽ, നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും"; "അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങളെല്ലാവരും അങ്ങനെതന്നെ നശിച്ചുപോകും"; "മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനേയും, ഞാൻ പിതാവിന്റെ മുമ്പിൽ ഏറ്റുപറയും"; "വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും" (യോഹന്നാൻ 8:24; ലൂക്കോസ് 13:3; മത്തായി 10:32; മർക്കൊസ് 16:16). ശിഷ്യന്മാരായി തീർന്ന വ്യക്തികളോട് യേശു പറഞ്ഞു, "... അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും" (മത്തായി 10:22).

ഓർമ്മിക്കുക: നിത്യജീവൻ പ്രാപിക്കുന്നതെങ്ങനെ എന്നറിയുവാൻ മനുഷ്യരെ നോക്കരുത്; ബൈബിളിലേക്ക് നോക്കുക. ദൈവത്തിന്റെ കൃപയേയും കരുണയേയും അനുമോദിക്കേണ്ടതിന് നാം ചിലത് *ചെയ്യേണ്ടതു*ണ്ടെന്നു ക്രിസ്തു പഠിപ്പിച്ചു.

കൽപനകളെ പ്രമാണിക്ക എന്ന് ആ യുവാവിനോട് യേശു പറഞ്ഞിട്ടും അവൻ തൃപ്തനായിരുന്നില്ല. അവൻ പറഞ്ഞു, "ഗുരോ, ഇവയൊക്കേയും ഞാൻ ബാല്യം മുതൽ ചെയ്തു പോരുന്നു." നിങ്ങളും അങ്ങനെ പറയാൻ ആഗ്രഹിക്കുന്നില്ലേ? നമ്മിൽ മിക്കപേർക്കും അത് കഴികയില്ല. ആദ്യം തന്നെ നാം എല്ലായിപ്പോഴും ശരിയായത് മാത്രം പ്രവർത്തിച്ചിട്ടില്ല. രണ്ടാമതായി,

നാം യുവാവായിരിക്കുമ്പോൾ തന്നെ ശരിയായത് ചെയ്തു തുടങ്ങുവാൻ ശ്രമിച്ചിരിക്കയുമില്ല. യുവതീ യുവാക്കന്മാർ തങ്ങളെത്തന്നെ ദൈവേഷ്ട ത്തിൽ ഏൽപിച്ചു കൊടുത്തതായി കാണുന്നത് എപ്പോഴും സന്തോഷിപ്പി ക്കുന്നതാണ്.

ആസമയത്ത്, മത്തായി പറയുന്നതനുസരിച്ച് ആ മനുഷ്യൻ ചോദിച്ചു, "ഇനി എന്നിൽ കുറവ് എന്ത്?" (മത്തായി 19:20). തനിക്ക് അറിയാവുന്ന തെല്ലാം അവൻ ചെയ്തിട്ടുണ്ട്, അതുകൊണ്ട് അവൻ ചോദിച്ചു (കെജെവി പദപ്രയോഗം ഉപയോഗിച്ച് കൊണ്ട്), "ഇനി എന്നിൽ എന്താണ് കുറവുള്ളത്?" ആ അന്വേഷണ ചോദ്യത്തെക്കുറിച്ച് നാം ഓരോരുത്തരും ഗൗരവമായി ചിന്തി ക്കണം.

തന്റെ കുറവ് എന്തെന്ന് ആ യുവാവ് യേശുവിനോട് ചോദിച്ചപ്പോൾ, "യേശു അവനെ നോക്കി, അവനെ സ്നേഹിച്ചു" (മർക്കൊസ് 10:21; കെജെവി). ഈ പ്രസംഗത്തിന്റെ ആരംഭത്തിൽ നാം ശ്രദ്ധിച്ചതു പോലെ കർത്താവിന് ഒരു വ്യക്തിയുടെ ഉള്ളിലേക്ക് ഇറങ്ങിച്ചെല്ലുവൻ കഴിയും. അവൻ ആ മനുഷ്യന്റെ ഹൃദയത്തിലേക്ക് നോക്കിയപ്പോൾ, താൻ കണ്ടത് അവന് ഇഷ്ടമായി. താൻ കണ്ടതെല്ലാം അവൻ ഇഷ്ടപ്പെട്ടിരുന്നില്ല, എന്നാൽ ആത്മാർത്ഥമായി കരുതലും വലിയ ശക്തിയും ഉണ്ടായിരുന്നു. അതുകൊണ്ട് "യേശു ... അവനെ സ്നേഹിച്ചു."

നിങ്ങൾ ഇഷ്ടപ്പെട്ട ആരോടെങ്കിലും ചിലത് പറയേണ്ടിവന്നപ്പോൾ, ആ സമയത്ത് നിങ്ങളുടെ വാക്കുകൾ അവരെ വൃണപ്പെടുത്തുമെങ്കിലും, നിങ്ങൾ അവരെ സ്നേഹിക്കകൊണ്ട് പറയുവാൻ ധൈര്യം കാണിച്ചിട്ടുണ്ടോ? അതാണ് യേശു ചെയ്തത്. ആ മനുഷ്യന്റെ പ്രശ്നം എന്തെന്നു യേശുവിന് അറിയാമായിരുന്നു – അവൻ ആ മനഷ്യനെ സ്നേഹിച്ചതുകൊണ്ടാണ്.[5] അവൻ പറഞ്ഞു, "നിനക്ക് ഒരു കുറവുണ്ട്: നിനക്കുള്ളതെല്ലാം വിറ്റ് ദരി ദ്രർക്ക് കൊടുക്ക അപ്പോൾ നിനക്ക് സ്വർഗത്തിൽ നിക്ഷേപം ഉണ്ടാകും; പിന്നെ വന്ന് എന്നെ അനുഗമിക്ക."

കർത്താവിന്റെ വാക്കുകൾ മനസിലാക്കുവാൻ, രണ്ടുകാര്യങ്ങൾ ഓർമി ക്കുക. ഒന്ന്, യേശു ആ യുവാവിന് ഒരു പ്രത്യേക ജോലി ഓർപ്പിക്കയുണ്ടാ യി. ആ നിർദ്ദേശങ്ങൾ എല്ലാ *മുഴുവൻ-സമയ*ശിഷ്യന്മാരിൽ നിന്ന് ആശ്യപ്പെ ട്ടതായിരുന്നു: "എല്ലാം വിട്ടുകളഞ്ഞ് എന്നെ അനുഗമിക്ക" (മത്തായി 4:18–22; ലൂക്കൊസ് 5:11, 27, 28).

രണ്ടാമത്, *ഏതൊരു* ശിഷ്യനും കർത്താവിനെ പിൻപറ്റുന്നതിന് *പൂർണ മായി സമർപ്പണം* ആവശ്യമാണ് "ദൈവം തീഷ്ണതയുള്ള ദൈവമാണ്" (പു റപ്പാട് 20:5). വിഭജിക്കപ്പെട്ട ബന്ധം അവൻ ഇഷ്ടപ്പെടുകയില്ല. ആ യുവാവിന്റെ കാര്യത്തിൽ, വളരെ സമ്പത്തോട് കൂടി അവൻ ക്രിസ്തുവിന്റെ ശിഷ്യൻ ആകാ മെന്ന് വിചാരിച്ചു. അവനും അവന്റെ പൂർണമായ സമർപ്പണത്തിനും മദ്ധ്യേ നിന്നത് പണമായിരുന്നു. അതുകൊണ്ടാണ് യേശു അവനോട് അത് വിട്ടുകള വാൻ പറഞ്ഞത്. പൂർണമായി അവന് കീഴ്പ്പെടുന്നതിൽനിന്ന് നമ്മെ പിൻതിരി പ്പിക്കുന്ന *എന്തെങ്കിലും* ഉണ്ടെങ്കിൽ അത് വിട്ടുകളവാനാണ് അവൻ നമ്മോട് ആവശ്യപ്പെടുന്നത്. അത് പണമായിരിക്കാം വ്യക്തിപരമായ സുഖം ആയിരിക്കാം. അത്, രഹസ്യമായ ഒരു തെറ്റോ അല്ലെങ്കിൽ തെറ്റായ കൂട്ടുകെട്ടോ അകാം. അതെന്തായാലും, നമ്മുടെ ചിന്തകളിലും ബന്ധങ്ങളിലും *ആദ്യം* കർത്താവ് വരണമെന്നാണ് അവൻ ആവശ്യപ്പെടുന്നത്.

ദുഃഖ പര്യവസായിയായ കഥകൾ നിങ്ങൾക്കിഷ്ടമല്ലെങ്കിൽ, ഒരു പക്ഷെ ഇതിന്റെ അവസാനം നിങ്ങൾക്ക് ശ്രദ്ധിക്കാതിരിക്കാം. യേശു ആ യുവാവിന്റെ മുൻഗണനകളെ പരീക്ഷിച്ചു – ആ പരീക്ഷണത്തിൽ അവൻ പരാജയപ്പെട്ടു. "ആ വാക്കുകൾ കേട്ട് ദുഃഖിച്ച്, ആ ദുഃഖത്തോടെ അവൻ പോയ്കളഞ്ഞു. കാരണം അവന് വളരെ സമ്പത്ത് ഉണ്ടായിരുന്നു."

അവന്റെ ബഹുമതിക്ക്, അവൻ ദുഃഖിച്ചു. ചിലർ ഇന്ന് ചെയ്യുന്നത് പോലെ അവൻ ക്രിസ്തുവിന്റെ ക്ഷണത്തെ പാടെ നിരസിച്ചില്ല.[6] കർത്താവിനേയും തന്റെ പണത്തേയും സ്നേഹിച്ചത് കൊണ്ടാണ് അവൻ ദുഃഖിച്ചത് – അവന് അതിലേതെങ്കിലുമൊന്ന് തിരഞ്ഞെടുക്കേണ്ടിയിരുന്നു. അവന് രണ്ടും വിട്ടുകളവാൻ മനസില്ലായിരുന്നു, അതുകൊണ്ട് അവൻ യേശുവിനെ വിട്ടുപോയപ്പോൾ ദുഃഖം നിറഞ്ഞിരുന്നു. അതിനെക്കുറിച്ച് ചിന്തിക്കുക: അവൻ ക്രിസ്തുവിനെ സ്നേഹിച്ചിരുന്നു; എന്നാൽ അവൻ തന്റെ പണത്തെ *അധികം* സ്നേഹിച്ചു. നിങ്ങളുടെ ബന്ധങ്ങൾ എവിടെയെന്ന് ശ്രദ്ധിക്കുക.

''അവൻ അതിയായ ദുഃഖത്തോടെ പൊയ്ക്കളഞ്ഞു'' – അവൻ പോയതും, അതിന്റെ അനന്തര ഫലവും കർത്താവിനെ ആദരിക്കാതെ അവനോട് പരുഷമായി പെരുമാറുന്നതിന്റെ ഫലവും ഒന്നുതന്നെയാണ്. അവൻ നിത്യജീവൻ വളരെ ആഗ്രഹിച്ചു എങ്കിലും, അവൻ തെറ്റായ തിരഞ്ഞെടുപ്പ് നടത്തി.

ഞാൻ നിങ്ങളോട് ഒരു ചോദ്യം ചോദിക്കട്ടെ: യേശുക്രിസ്തു സ്നേഹിച്ച ഒരാൾ നഷ്ടപ്പെടുവാൻ സാധ്യതയുണ്ടോ? ക്രിസ്തു ആ മനുഷ്യനെ സ്നേഹിച്ചിരുന്നു എന്നാൽ അവൻ നഷ്ടപ്പെട്ടുപോയി. കർത്താവിന്റെ സ്നേഹം (റോമർ 5:8) മാത്രം പോര. ആ സ്നേഹം തിരിച്ചും നൽകുവൻ നിങ്ങൾ തയ്യാറാകണം – അത് അവന്റെ ഇഷ്ടത്തിനു കീഴ്പ്പെട്ടുകൊണ്ടാകണം (യോഹന്നാൻ 14:15).

### നിങ്ങളുടെ ജീവിതത്തിൽ എന്താണ് കുറവുള്ളത്?

ആ യുവാവിന്റെ സംഭവം ദുഃഖത്തോടെ അവസാനിച്ചു, എന്നാൽ ഈ പ്രസംഗം എങ്ങനെ അവസാനം സന്തോഷപ്രദം ആകും എന്ന് ഞാൻ പറയട്ടെ: ആ മനുഷ്യൻ ചോദിച്ച അതേ ചോദ്യങ്ങൾ ചോദിക്കയും, പിന്നെ കർത്താവ് നിങ്ങളോട് പറയുന്നത് ചെയ്യുകയും വേണം. ഇങ്ങനെ ചോദിച്ചുകൊണ്ട് തുടങ്ങുക, "ഇനിയെന്താണ് എന്നിൽ കുറവുള്ളത്?" ഒരു നിമിഷം മുമ്പ്, യേശുവിന്റെ ചില കല്പനകൾ നാം കണ്ടു. നിങ്ങൾക്ക് വിശ്വാസം കുറവുണ്ടോ? നിങ്ങൾക്ക് മാനസാന്തരം കുറവുണ്ടോ? നിങ്ങൾക്ക് ഏറ്റുപറച്ചിൽ കുറവുണ്ടോ? നിങ്ങൾക്ക് സ്നാനത്തിന്റെ കുറവുണ്ടോ? നിങ്ങൾക്ക് സമർപ്പിക്കപ്പെട്ട ക്രിസ്തീയ ജീവിതത്തിൽ വിശ്വസ്തതക്ക് കുറവുണ്ടോ? ആ ചോദ്യകർത്താവിനോട് ക്രിസ്തു പറഞ്ഞു, "നിനക്ക് ഒരു കുറവുണ്ട്" (മർക്കൊസ് 10:21). ദൈവത്തോടുള്ള നിങ്ങളുടെ പ്രതികരണത്തിൽ പ്രധാനപ്പെട്ട എന്തെങ്കിലും കുറവുണ്ടോ? ഒരു ഭാഗം ഇല്ലാത്തതു കൊണ്ട് കൂട്ടിച്ചേർക്കുവാനായി വയലിൽ വെറുതെ ഇട്ടിരിക്കുന്ന വലിയ മെഷീൻ ഞാൻ കണ്ടിട്ടുണ്ട്. ഒരു ഭാഗത്തിന്റെ കുറവുള്ള കപ്പൽ – ഒരു റെഡർ – പ്രവർത്തനരഹിതമായികിടക്കുന്നു.[7]

കർത്താവ് അവശ്യപ്പെടുന്നതിൽ ഏതെങ്കിലും ഒന്ന് അനുസരിക്കാതെ പോയാൽ അത് ആപത്താണ്. യേശു പറഞ്ഞു, "നിങ്ങൾ വിശ്വസിക്കുന്നില്ലാ

എങ്കിൽ. ... നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും"; "നിങ്ങൾ മാനസാന്തരപ്പെട്ടില്ലാ എങ്കിൽ നിങ്ങൾ. ... നശിച്ചു പോകും"; "എന്നെ തള്ളിക്കളയുന്നവനെ. ... പിതാവിന്റെ മുമ്പിൽ ഞാനും തള്ളിക്കളയും"; "വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ലാ എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല" (യോഹന്നാൻ 8:24; ലൂക്കൊസ് 13:3; മത്തായി 10:33; യോഹന്നാൻ 3:5). എബ്രായലേഖകൻ ക്രിസ്ത്യാനികളോട് ചോദിക്കുന്നു, "ഇത്ര വലിയ രക്ഷ നാം എങ്ങനെ തെറ്റി ഒഴിയും?" (എബ്രായർ 2:3). നിങ്ങളുടെ ജീവിതത്തിൽ കുറവുള്ളത് കർത്താവിന് അറിയാം – നിങ്ങൾക്കും ഒരുപക്ഷേ അറിയാം.

ഇതു പരിഗണിക്കുക: ക്രിസ്തു ആവശ്യപ്പെട്ടത്, ആ ധനവാനായ യുവാവ് നിറവേറ്റിയിരുന്നു എങ്കിൽ, അവനിൽ ഒരു കുറവും ഉണ്ടാകുമായിരുന്നില്ല. പിന്നെ നാല്പതു വർഷങ്ങൾക്കുശേഷം, റോമാക്കാർ രാജ്യം മുഴുവൻ യഹൂദന്മാർക്കുണ്ടായിരുന്നതെല്ലാം കൈക്കലാക്കുകയും അവരെ പിടിച്ചെടുക്കുകയും ചെയ്തിരുന്നു. അവസാനം, അവന് ''സ്വർഗത്തിലെ നിക്ഷേപം,'' മാത്രമല്ല നഷ്ടമായത് ഭൂമിയിൽ അവൻ പിടിച്ചുവെക്കാൻ ആഗ്രഹിച്ചതും നഷ്ടമായി. നിങ്ങളുടെ ജീവിതം കർത്താവിന് കീഴ്പ്പെടുത്തിയാൽ നിങ്ങൾക്കു വിലയുള്ളതൊന്നും നഷ്ടപ്പെടുകയില്ല (ഫിലിപ്പിയർ 3:7, 8). നിങ്ങൾക്ക് സന്തോഷപ്രദവും സമൃദ്ധവുമായ ജീവിതം ഈലോകത്തും, വരുവാനുള്ളലോകത്തിൽ ദൈവത്തിന്റെ നിക്ഷേപങ്ങളും ഉണ്ടാകും (മത്തായി 19:29).

നിങ്ങളുടെ ജീവിതത്തിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ, കർത്താവിങ്കലേക്ക് വരേണ്ടത് – ഇപ്പോഴാണ് – ആ കുറവ് നികത്തുവാൻ അവനെ അനുവദിക്കുക.

---

കുറിപ്പുകൾ

[1]ഈ പ്രസംഗത്തിന്റെ ചുരുക്ക വേദഭാഗമാണ് മർക്കൊസ് 10, എന്നാൽ ചിലപ്പോൾ സമാന്തരവേദഭാഗങ്ങളായ മത്തായി 19ഉം ലൂക്കോസ് 18ഉം ഞാൻ ഉദ്ധരിച്ചിട്ടുണ്ട്. [2]റോമർ 4:5 ഉം മറ്റ് ബന്ധപ്പെട്ട വേദഭാഗങ്ങളും പഠിപ്പിക്കുന്നത് നമുക്ക് രക്ഷനേടുവൻ കഴിയുകയില്ല എന്നാണ്: എങ്ങനെയായാലും, നാം രക്ഷിക്കപ്പെടുവാൻ ദൈവത്തെ അനുസരിക്കുന്നത് അപ്രധാനമെന്നും പറയുന്നില്ല. [3]യേശു മരിക്കുന്നതുവരെ പഴയനിയമം പ്രാബല്യത്തിലിരുന്നു: ആ സമയത്ത്, പുതിയനിയമം പ്രാബല്യത്തിൽ വന്നു (കൊലോസ്യർ 2:14; എബ്രായർ 9:15–17). [4]നിങ്ങളുടെ ശ്രോതാക്കളുടെ ജീവിതത്തിൽ "കുറവുള്ള" എന്തിനും ഉപയോഗിക്കാവുന്നതാണ് ഈ പ്രസംഗം. ഈ അവതരണത്തിൽ, ഒരു ക്രിസ്ത്യാനിയായിതീരുന്നതിനാണ് ഊന്നൽ കൊടുത്തിരിക്കുന്നത്, എന്നാൽ ഒരു വിശ്വസ്ത ക്രിസ്തീയ ജീവിതം നയിക്കേണ്ടതിനും ഈ പാഠം ഉപയോഗിക്കാം. [5]എബ്രായർ 12:6 നോക്കുക. [6]നിങ്ങൾ ആളുകളോട് കർത്താവിനെ അനുസരിക്കുവാൻ ആവശ്യപ്പെടുമ്പോൾ, ശ്രദ്ധിക്കാതെ പറയുന്ന ഉത്തരങ്ങൾ നിങ്ങൾക്ക് ഉദാഹരണമായി പറയാം. [7]"ഒന്നുമാത്രം" കുറവായാൽ ഉണ്ടാകുന്ന അപകടം നിങ്ങളുടെ അനുഭവത്തിൽനിന്ന് ചിത്രീകരിക്കാം.